(ബി) പഠനം പുരോഗതിയിലാണ്. പഠനം പൂർത്തിയായതിനുശേഷം മാത്രമേ വിലയിരുത്തലിന്റെ ഫലങ്ങൾ ലഭ്യമാവുകയുള്ളു.

(സി) മൂന്നാർ ഡിവിഷനിലെ മറയൂർ റെയിഞ്ചിൽപ്പെട്ട കറയൂർ, നാച്ചിവയൽ, വണ്ണാൻതറ എന്നീ റിസർവുകളിലായി 1541 ഹെക്ടറും കണ്ണൂർ ഡിവിഷനിലെ കാസർഗോഡ് റെയിഞ്ചിൽ ഉൾപ്പെട്ട മൂളിയാർ, കരടുക, ബന്ദഗേ എന്നീ റിസർവുകളിലായി 2354 ഹെക്ടറും ഉൾപ്പെടെ മൊത്തം 3895 ഹെക്ടർ സ്വാഭാവിക ചന്ദനവനവും മണ്ണാർക്കാട് ഡിവിഷനിൽ 32 ഹെക്ടറും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിൽ 140 ഹെക്ടറും വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ 11.1 ഹെക്ടറും ഉൾപ്പെടെ മൊത്തം 183.1 ഹെക്ടർ സ്ഥലത്ത് ചന്ദന പ്ലാന്റേഷനും നിലവിൽ ഉണ്ട്. കൂടാതെ തേക്കടി, ആര്യങ്കാവ് റെയിഞ്ചുകളിൽ സ്വാഭാവിക വനങ്ങളിൽ ചന്ദനമരങ്ങൾ വളരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വനംവകുപ്പ് ഫ്ളയിംഗ് സ്ക്വാഡുകളുടെയും മറ്റു സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ പട്രോളിംഗ് കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

(ജി) നിലവിലുള്ള വനനിയമത്തിൽ വനോൽപ്പന്നങ്ങളുടെ നിർവചനത്തിൽ തടി, തടിയിൽ നിന്ന് ലഭിക്കുന്ന തൈലം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വനോൽപ്പന്നങ്ങളുടെ കൈവശംവയ്ക്കലും കടത്തിക്കൊണ്ടുപോകലും സംബന്ധിച്ച പൊതുചട്ടങ്ങൾ മാത്രമേ ഇപ്പോൾ ചന്ദനതടിക്കും, ചന്ദനതൈലത്തിനും ബാധകമായിട്ടുള്ളു. ഇവയ്ക്കായി പ്രത്യേക നിബന്ധനകൾ ഇപ്പോൾ ഇല്ല.

(എച്ച്) ഉണ്ട്. ഇതിനായി കേരള വനനിയമം ഭേദഗതിചെയ്യാൻ വേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു.

(ഐ) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ഫിഷറീസ് കോംപ്ലക്സുകളുടെ നിർമ്മാണം

8 (*129) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഫിഷറീസ് കോംപ്ലക്സുകൾ നിർമ്മിക്കാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫിഷറീസ് കോംപ്ലക്സുകളുടെ നിർമ്മാണം ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഫിഷറീസ് കോംപ്ലക്സുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന ഫിഷറീസ് കോംപ്ലക്സുകൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഫിഷറീസ് കോംപ്ലക്സുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ&ബി) കൊല്ലം ജില്ലയിലെ തേവള്ളിയിൽ ഒരു ഫിഷറീസ് കോംപ്ലക്സ് നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ജില്ലാതലത്തിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഫിഷറീസ് ഓഫീസുകളും ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളുടെ ഓഫീസുകളും ഒരേ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിപ്പിക്കുക എന്ന ലക്ഷ്യം വച്ചാണ് ഫിഷറീസ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ട പരിശീലനം നൽകുക, ഫിഷറീസ് ഇൻഫർമേഷൻ സെന്റർ തുടങ്ങുക, ചെമ്മീൻ വിത്തുൽപ്പാദനത്തിന് ഹാച്ചറി തുടങ്ങുക എന്നിവയും ഫിഷറീസ് കോംപ്ലക്സുകളുടെ നിർമ്മാണം കൊണ്ട് ഉദ്ദേശിക്കുന്നുണ്ട്.

(ഡി&ഇ) ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി രണ്ട് വർഷത്തിനകം നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പുരാവസ്തു സംരക്ഷണം

9 (*130) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുരാവസ്തു മൂല്യമുള്ള പൈതൃക വസ്തുക്കൾ കണ്ടെത്തി അവയുടെ തനിമ നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പുരാവസ്തു മൂല്യമുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് പുരാവസ്തു മ്യൂസിയം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly